# Virtual Summit between Prime Minister Shri NarendraModi and Sweden's Prime Minister H.E. Mr. Stefan Löfven

March 04, 2021

# പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോഡിയും സ്വീഡൻ പ്രധാനമന്ത്രി സ്റ്റെഫാൻ ലോഫ്‌വെനും തമ്മിലുള്ള വെർച്വൽ ഉച്ചകോടി.

മാർച്ച് 04, 2021

1. 2021 മാർച്ച് 5 നു പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോഡിയും സ്വീഡൻ പ്രധാനമന്ത്രി സ്റ്റെഫാൻ ലോഫ്‌വെനും തമ്മിലുള്ള വെർച്വൽ ഉച്ചകോടി നടന്നു.

2. 2015 ന് ശേഷം ഇരു നേതാക്കളും തമ്മിലുള്ള അഞ്ചാമത്തെ ആശയവിനിമയമാണിത്. പ്രഥമ ഇന്ത്യ നോർഡിക് ഉച്ചകോടിക്കായി പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോഡി 2018 ഏപ്രിലിൽ സ്റ്റോക്ക്ഹോം സന്ദർശിച്ചിരുന്നു. 2016 ഫെബ്രുവരിയിൽ സ്‌പെഷ്യൽ മേക്ക് ഇൻ ഇന്ത്യ വാരത്തിനായി പ്രധാനമന്ത്രി സ്റ്റെഫാൻ ലോഫ്‌വെൻ ഇന്ത്യ സന്ദർശിച്ചിരുന്നു.മുൻപ്, 2015 സെപ്റ്റംബറിൽ യുഎൻ ജനറൽ അസ്സെംബ്ലിയിൽ ഇരു നേതാക്കളും തമ്മിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. 2020 ഏപ്രിലിൽ രണ്ട് പ്രധാനമന്ത്രിമാരും തമ്മിൽ കോവിഡ് -19 പകർച്ചവ്യാധിയിൽ നിന്ന് ഉണ്ടാകുന്ന സാഹചര്യങ്ങളെ സംബന്ധിച്ച് ടെലിഫോണിക് സംഭാഷണം നടത്തി ചർച്ച ചെയ്തിരുന്നു. കൂടാതെ, കാൾ ഗുസ്താഫ് XVI സ്വീഡനിലെ രാജ്ഞി സിൽവിയ എന്നിവരും 2019 ഡിസംബറിൽ ഇന്ത്യ സന്ദർശിച്ചിരുന്നു.

3. ഇന്ത്യയും സ്വീഡനും ജനാധിപത്യം, സ്വാതന്ത്ര്യം, ബഹുസ്വരത, നിയമങ്ങൾ അടിസ്ഥാനമാക്കിയുള്ള അന്താരാഷ്ട്ര ക്രമം എന്നിവയുടെ പങ്കിട്ട മൂല്യങ്ങളെ അടിസ്ഥാനമാക്കി ഊഷ്മളവും സൗഹൃദപരവുമായ ബന്ധം കാത്തു സൂക്ഷിക്കുന്നു. വ്യാപാരം, നിക്ഷേപം,നവീകരണം ശാസ്ത്രസാങ്കേതികത അത് പോലെത്തന്നെ ഗവേഷണം വികസനം എന്നീ മേഖലകളിലും ഇരു രാജ്യങ്ങളും തമ്മിൽ അടുത്ത സഹകരണം പുലർത്തുന്നുണ്ട്. ആരോഗ്യം & ജീവിത ശാസ്ത്രം, വാഹന വ്യവസായം, ക്ളീൻ ടെക്നോളജി, പ്രതിരോധം, ഘന യന്ത്രങ്ങൾ & ഉപകരണങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ ഉള്ള 250

ഓളം സ്വീഡിഷ് കമ്പനികൾ ഇന്ത്യയിൽ സജീവമായി പ്രവർത്തിക്കുന്നു. 75 ഓളം ഇന്ത്യൻ കമ്പനികളും സ്വീഡനിൽ സജീവമാണ്.

4. ഉച്ചകോടിയിൽ, ഇരു നേതാക്കളും ഉഭയകക്ഷി ബന്ധത്തിന്റെ മുഴുവൻ വശങ്ങളെക്കുറിച്ചും സമഗ്രമായ ചർച്ചകൾ നടത്തുകയും പ്രാദേശിക, ആഗോള പ്രശ്നങ്ങളെക്കുറിച്ചുള്ള വിനിമയ കാഴ്ചപ്പാടുകളും കോവിഡാനന്തര കാലഘട്ടത്തിൽ സഹകരണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതിനെക്കുറിച്ചും ചർച്ച ചെയ്തു.

ന്യൂ ഡൽഹി
04 മാർച്ച് , 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.